പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 65 — 07.02.2013 ൽ മറുപടിയ്ക്ക്

## കടൽത്തീര സംരക്ഷണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ<br>ശ്രീ. പി. ഉബൈദുള്ള<br>ശ്രീ. കെ. എം. ഷാജി<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കടൽത്തീര സംരക്ഷണാർത്ഥം സ്വീകരിച്ചു വരുന്ന പ്രതിരോധ നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) കടൽത്തീര സംരക്ഷണാർത്ഥം കടൽഭിത്തിയും പുലിമുട്ടുകളും നിർമ്മിച്ചു വരുന്നു. |
| (ബി) പരമ്പരാഗത കടൽഭിത്തി നിർമ്മാണം, കടലാക്രമണം ചെറുക്കുന്നതിന് ഫലപ്രദമല്ലെന്നും അത് കടൽത്തീരത്തിന് പാരിസ്ഥിതിക പ്രശ്നങ്ങളുണ്ടാക്കുന്നുണ്ടെന്നുള്ള അഭിപ്രായങ്ങൾ പരിശോധിച്ചിട്ടുണ്ടോ ; | (ബി) പരമ്പരാഗത കടൽഭിത്തി നിർമ്മാണം നടത്തിയ സ്ഥലങ്ങളിൽ കടലാക്രമണം ഗണ്യമായി കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഇതുമൂലം കടൽതീരത്തിന് പാരിസ്ഥിതിക പ്രശ്നങ്ങളുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) തീരസംരക്ഷണത്തിനുതകുന്നതും ജൈവവൈവിധ്യം നിലനിർത്തി പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കാത്തതുമായ പുതിയ സംവിധാനങ്ങളെക്കുറിച്ചുള്ള നിർദ്ദേശങ്ങളെന്തെങ്കിലും ലഭിച്ചിട്ടുണ്ടോ ; എങ്കിൽ അത് സംബന്ധിച്ച വിശദവിവരം നൽകുമോ ? | (സി) തീരസംരക്ഷണത്തിനുതകുന്നതും ജൈവവൈവിധ്യം നിലനിർത്തി പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കാത്തതുമായ പുതിയ സംവിധാനങ്ങളായ പുലിമുട്ട് നിർമ്മാണം ഏറ്റെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ